PAN/3173/2021-J1(DP)

**പഞ്ചായത്ത് ഡയറക്ടറുടെ കാര്യാലയം**
**പബ്ലിക് ഓഫീസ് പി ഓ , 695033 ,**
**jddj.dp@gmail.com**
**0471-2786304 തീയതി :23/11/2021**

**പഞ്ചായത്ത് ഡയറക്ടർ**

**പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്ക്**
(തിരുവനന്തപുരം,കൊല്ലം ,പത്തനംതിട്ട, ആലപ്പുഴ, കോട്ടയം,ഇടുക്കി,എറണാകുളം,തൃശ്ശൂർ പാലക്കാട് ജില്ലകൾ)

സർ,

വിഷയം: - പഞ്ചായത്ത് വകുപ്പ് -റോഡ് കണക്ടിവിറ്റി മാപ്പിംഗ് - തദ്ദേശസ്ഥാപന വിഹിതം വകയിരുത്തുന്നതിന് പദ്ധതി ഏറ്റെടുക്കുന്നത് -സംബന്ധിച്ച്

സൂചന: വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി യുടെ 14.09.2021 - ന് നടന്ന യോഗത്തിലെ തീരുമാനം (നം 4.11)

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

തദ്ദേശഭരണസ്ഥാപനങ്ങളിലെ ആസ്തികൾ സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുന്നതിന്റെ ഭാഗമായി റോഡ് കണക്ടിവിറ്റി മാപ്പിംഗ് തയ്യാറാക്കാൻ ഉദ്ദേശിക്കുന്നു. Kerala State Remote Sensing and Environment Centre (KSREC) തയ്യാറാക്കിയിട്ടുള്ള ഓൺലൈൻ പ്ലാറ്റ് ഫോമിന്റേയും R- track mobile application ന്റേയും സേവനം പ്രയോജനപ്പെടുത്തിയാണ് ഈ പദ്ധതി നടപ്പാക്കുന്നത്. KSREC-ക്കു നൽകേണ്ട തുക തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ നൽകും. എന്നാൽ Road Track ന് ഇന്റർനെറ്റ്, ജി.പി.എസ് ആൻഡ്രോയിഡ് സൗകര്യമുള്ള മൊബൈലും വാഹനവും മനുഷ്യശേഷിയും വേണം. ഇത് ടുവീലർ ഉള്ള ചെറുപ്പക്കാരെ കൊണ്ടു സാധിക്കും . ഇതിനായി ഒരു വാർഡിന് 3000/- രൂപ വീതം ചെലവാകും. ഈ തുക ചെലവഴിക്കാൻ പ്രോജക്ട് വെയ്ക്കാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി സൂചന പ്രകാരം ഉത്തരവായിട്ടുണ്ട്.

ആയതിന്റെ അടിസ്ഥാനത്തിൽ വാർഡ് ഒന്നിന് 3000/- രൂപ നിരക്കിൽ പദ്ധതി ഏറ്റെടുക്കുന്നതിന് തിരുവനന്തപുരം, കൊല്ലം ,പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട് ജില്ലകളിലെ പഞ്ചായത്തുകൾ ക്ക് നിർദ്ദേശം നൽകേണ്ടതാണ്.

വിശ്വസ്തതയോടെ,

H. DINESHAN IAS
DIRECTOR OF PANCHAYATH

Copy to CE, LSGD ( For necessary action )

Signature Not Verified

Digitally signed by Dineshan H
Date: 2021.11.23 01:55:11
PST
Reason: Approved